**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ T 3852** **15-05-2017 ൽ മറുപടിക്ക്**

## പുറമ്പോക്കുകളിൽ ദശാബ്ദങ്ങളായി താമസിക്കുന്നവർക്ക് പട്ടയം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ബി.ഡി. ദേവസ്സി** | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | വിവിധ പുറമ്പോക്കുകളിൽ കാലങ്ങളായി താമസിച്ചുവരുന്നവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; | (എ) | വർഷങ്ങളായി സർക്കാർ പുറമ്പോക്ക് ഭൂമി കൈവശം വച്ച് താമസിക്കുന്നവർ അർഹരാണെങ്കിൽ കേരള ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്കനുസൃതമായി ഭൂമിയുമായി ബന്ധപ്പെട്ട വകുപ്പിന്റെ സമ്മതപത്രം, താലൂക്ക് പതിവ് കമ്മിറ്റിയുടെ അംഗീകാരം എന്നിവ ലഭിക്കുന്ന മുറയ്ക്ക് നിയമാനുസരണം പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. റോഡ്, തോട്, ആറ്റ് പുറമ്പോക്ക് എന്നിവ നിലവിലെ നിയമ പ്രകാരം പതിച്ചു കൊടുക്കാൻ നിർവ്വാഹമില്ലാത്തതാണ്. |
| (ബി) | മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ, റവന്യൂ, വനം, ജലവിഭവം തുടങ്ങിയ വകുപ്പ് മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിന്റെ തീരുമാന പ്രകാരം 3 മാസത്തിനകം സംയുക്ത പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനും തുടർന്ന് റിവ്യൂ മീറ്റിംഗ് നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി) | മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള യോഗ തീരുമാനപ്രകാരം സംയുക്ത പരിശോധന പൂർത്തിയായിട്ടും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കാത്തതു മൂലം പട്ടയം നൽകുവാൻ കഴിയാത്ത എല്ലാ ജില്ലകളുടേയും സംയുക്ത പരിശോധനാ റിപ്പോർട്ട് ഏകോപിപ്പിച്ച് കേന്ദ്രാനുമതിക്കായി സമർപ്പിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്. |
| (സി) | വിവിധ വകുപ്പുകൾക്ക് കീഴിലുള്ളതും പ്രസ്തുത വകുപ്പുകളുടെ വികസനത്തിന് ആവശ്യമില്ലാത്തതുമായ പുറമ്പോക്കുകളിൽ ദശാബ്ദങ്ങളായി താമസിച്ചു വരുന്നവർക്ക് പട്ടയം നൽകുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ? | (സി) | ബന്ധപ്പെട്ട വകുപ്പിന്റെ സമ്മതപത്രം ലഭിക്കുന്ന കേസുകളിൽ നിയമാനുസരണം പട്ടയം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ